**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുടുംബശ്രീ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീ. ഉല്ലാസ് കുമാർ. പി, എൽ.ഡി ക്ലാർക്ക്, മരുതറോഡ് ഗ്രാമപഞ്ചായത്ത്, പാലക്കാട് - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.42/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 07/01/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin സർക്കാർ

3. 21.06.2014 തീയതിയിലെ സ.ഉ(സാധാ) നം. 1575/14/തസ്വഭവ

4. 17.9.2015 തീയതിയിലെ സ.ഉ(സാധാ) നം. 2835/15/തസ്വഭവ

5. 22.7.2017 തീയതിയിലെ സ.ഉ(സാധാ) നം. 2519/17/തസ്വഭവ

6. 4.11.2017 തീയതിലെ സ.ഉ(സാധാ) നം.3565/17/തസ്വഭവ

7. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28/7/2018-ലെ 2442/ഇ 1/2013/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് മരുതറോഡ് ഗ്രാമപഞ്ചായത്തിലെ എൽ.ഡി.ക്ലാർക്കായ ശ്രീ ഉല്ലാസ് കുമാർ.പി-യെ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4,5,6) ലെ ഉത്തരവുകൾ പ്രകാരം ടിയാന്റെ അന്യത്രസേവന കാലാവധി 06.07.2018 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2)ടിയാന്റെ അന്യത്രസേവന കാലാവധി **06.07.2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **07.07.2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(7)** ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് മരുതറോഡ് ഗ്രാമപഞ്ചായത്തിലെ എൽ.ഡി ക്ലാർക്കായ ശ്രീ. ഉല്ലാസ് കുമാർ പി. യുടെ കുടുംബശ്രീ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും [illegible] സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **07.07.2018** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ.**

**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (പഞ്ചായത്ത് ഡയറക്ടർ, മുഖേന)

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**